**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2317 09.03.2018 ലെ മറുപടിയ്ക്ക്

**വനഭൂമി ബൊട്ടാണിക്കൽ ഗാർഡനാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി.അൻവർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നിലമ്പൂർ നോർത്ത് ഡിവിഷനിലെ അരിമ്പ്രാക്കുത്ത് വനഭൂമി ബൊട്ടാണിക്കൽ ഗാർഡനാക്കുന്നതിന് വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ ; നിവേദനത്തിന്മേൽ എടുത്ത നടപടി വിശദമാക്കാമോ ; | (എ) ഉണ്ട്. ഈ നിവേദനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർക്കിംഗ് പ്ലാൻ കാലത്ത് തേക്ക്, അക്കേഷ്യ പ്ലാന്റേഷനുകൾ ഒഴികെ മറ്റു പ്ലാന്റേഷനുകൾ ഒന്നും തന്നെ റിപ്ലാന്റ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നില്ല. നിലവിൽ അവിടെയുള്ള കശുമാവ് തോട്ടങ്ങളെ സംബന്ധിച്ച് സ്വാഭാവിക വനങ്ങളാക്കാൻ അനുവദിക്കുകയെന്ന നിർദ്ദേശമാണ് ഉണ്ടായിരുന്നത്. ആയതിനാൽ കശുമാവ് തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (നിലമ്പൂർ നോർത്ത്)-നോട് 06.01.2018 തീയതിയിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) നിർദ്ദേശം നല്കുകയുണ്ടായി. |
| (ബി) ഭൂവിസ്തൃതി, ഭൗതികസഹാചര്യം എന്നിവ പരിഗണിച്ചാൽ ഈ സ്ഥലം കേന്ദ്രഗവണ്മെന്റിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ ഒന്നാമത്തെ ബൊട്ടാണിക്കൽ ഗാർഡനാക്കാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് വേണ്ട നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ ; | (ബി) നിലവിൽ ടി സ്ഥലത്ത് കശുമാവിൻ തോട്ടങ്ങളാണ്. ഈ സ്ഥലത്തെ മണ്ണ് ലാറ്ററൈറ്റ് ആയതിനാൽ അത്തരം മണ്ണിൽ വളരുന്ന ഇനം മരങ്ങൾ മാത്രമേ ഇവിടെ നട്ടുവളർത്താനാകുകയുള്ളൂ. ഈ പരിമിതി കാരണം ബൊട്ടാണിക്കൽ ഗാർഡൻ എന്ന ആശയം പ്രായോഗികമല്ല. |
| (സി) വെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം തുടങ്ങിയവ പ്രസ്തുത സ്ഥലത്ത് നിലവിൽ ലഭ്യമായതിനാൽ പാരിസ്ഥിതിക പഠനത്തിനും വനഗവേഷണത്തിനും ഉതകുന്ന രൂപത്തിൽ ബൊട്ടാണിക്കൽ ഗാർഡൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) മണ്ണിന്റെ പ്രത്യേകത കാരണം ഇവിടെ ബൊട്ടാണിക്കൽ ഗാർഡൻ എന്ന ആശയം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ